# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ- ജയിലാസ്ഥാനകാര്യാലയം- 2021-22 സാമ്പത്തിക വർഷത്തെ ഭരണ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള ഫോർമാറ്റ് സെറ്റ് ചെയ്യുന്നതിനായി തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലെ വെൽഫെയർ ഓഫീസർ ഗ്രേഡ്-1 ശ്രീ.സുമന്ത്.വി.എസ് - നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം : 10.02.2023 തിയതിയിലെ ഇതേ നമ്പർ യു.ഒ.നോട്ട്.

**ഉത്തരവ് നമ്പർ. RSW-11638/2022/PrHQ; തീയതി : 03-07-2023**

2021-22 സാമ്പത്തിക വർഷത്തെ ഭരണ റിപ്പോർട്ട് എ4 പേപ്പറിലും കളർ പ്രിൻറിലും പ്രസിദ്ധീകരിക്കുന്നതിനുള്ള ഫോർമാറ്റ് സെറ്റ് ചെയ്യുന്നതിനായി ജയിലാസ്ഥാനകാര്യാലയത്തിലെ ടെക്നിക്കൽ സെല്ലിനെ പരാമർശം പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ടെക്നിക്കൽ സെല്ലിൽ ജോലി നോക്കിയിരുന്ന ശ്രീ.സുമന്ത്.വി.എസ്, വെൽഫെയർ ഓഫീസർ ഗ്രേഡ്-1 ടി ജോലി ഭാഗികമായി ചെയ്തിരുന്നതായും ടിയാനെ തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലേക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളതിനാൽ അവശേഷിക്കുന്ന ജോലി പൂർത്തീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും ടെക്നിക്കൽ സെല്ലിൽ നിലവിൽ ജോലി നോക്കുന്ന ആർക്കും തന്നെ ഫോർമാറ്റ് സെറ്റ് ചെയ്യുവാൻ അറിയില്ല എന്നും ടെക്നിക്കൽ സെല്ലിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ഭരണ റിപ്പോർട്ട് എ4 പേപ്പറിലും കളർ പ്രിൻറിലും പ്രസിദ്ധീകരിക്കുന്നതിനുള്ള ഫോർമാറ്റ് സെറ്റ് ചെയ്യുന്നതിനായി തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലെ വെൽഫെയർ ഓഫീസർ ഗ്രേഡ്-1 ശ്രീ.സുമന്ത്.വി.എസ് -നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ശ്രീ.സുമന്ത്.വി.എസ് പ്രസ്തുത ജോലി അടിയന്തിരമായി പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: ശ്രീ സുമന്ത്.വി.എസ്,
വെൽഫെയർ ഓഫീസർ ഗ്രേഡ്-1
സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം( സൂപ്രണ്ട് മുഖേന)

പകർപ്പ് : 1.സൂപ്രണ്ട്,സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം.
2.ശ്രീ.രാജീവ്.ടി.ആർ,ജോയിൻറ് സൂപ്രണ്ട്, ടെക്നിക്കൽ സെൽ

RSW-11638/2022/PrHQ
b91964